(എ) ഈ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഏതു കമ്പനികൾ പൂർണ്ണമായും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടിയിട്ടില്ല. അടച്ചുപൂട്ടിയ സ്വകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബി.ടു.ബി. വ്യവസായ സംഗമം

214 (559) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.ടു.ബി. വ്യവസായ സംഗമം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഡി) ചർച്ചചെയ്ത വിഷയങ്ങളിൽ എന്തെല്ലാം തുടർ നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ഫെബ്രുവരി 26 മുതൽ 28 വരെ ഒരു ബി.ടു.ബി. സംഗമം നടത്തിയിട്ടുണ്ട്.

(ബി) ബിസിനസ് ടു ബിസിനസ് മീറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2015-ലെ വ്യവസായ സംഗമത്തിൽ ഭക്ഷ്യ സംസ്കരണ മേഖല, കൈത്തറിത്തുണികളും വസ്ത്ര നിർമ്മാണവും, റബ്ബർ-തടി അധിഷ്ഠിത വ്യവസായങ്ങൾ,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദവും ഔഷധ സസ്യങ്ങളും, ഇലക്കിക്കൽ ഇല്ട്രോണിക്സ്, പരമ്പരാഗത മേഖല തുടങ്ങിയ വിവിധ വിഭാഗങ്ങളിൽപ്പെട്ട കേരളത്തിലെ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലെ ഉൽപ്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും കേരളത്തിന് വെളിയിൽ നിന്നുള്ള കച്ചവടക്കാർക്ക് അവ വാങ്ങുന്നതിനുള്ള ട്രേഡ് എഗ്രിമെന്റ് നടത്തുന്നതിനും സംഗമത്തിൽ പ്രധാനമായും ചർച്ചകൾ നടന്നിട്ടുണ്ട്.

(ഡി) ബി.ടു.ബി. മീറ്റിൽ SME യൂണിറ്റുകൾക്ക് ലഭിച്ച Trade Enquiry -കൾ പൂർത്തീകരിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ നൽകുക, അന്താരാഷ്ട്ര വിപണിയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ യൂണിറ്റുകളെ സജ്ജരാക്കുക, തുടർ ചർച്ചകൾക്ക് വഴിയൊരുക്കുക തുടങ്ങിയ നടപടികളാണ് ഉദ്ദേശിക്കുന്നത്.

ഉദുമ ടെക്സ്റ്റൈൽ മിൽസ്

215 (560) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ ഉദുമ ടെക്സ്റ്റൈൽ മിൽസ് ഉദ്ഘാടനം ചെയ്തിട്ട് എത്ര വർഷമായി ;

(ബി) പ്രസ്തുത സ്ഥാപനത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) മുൻസർക്കാർ ഈ സ്ഥാപനത്തിലേക്ക് ജീവനക്കാരെ നിയമിക്കാൻ ഏത് ഗവൺമെന്റ് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത് ; നടപടികൾ പൂർത്തിയാക്കി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകി ; ഇവർ ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) മേൽ റാങ്ക് ലിസ്റ്റ് ഒഴിവാക്കി പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ ; ആയത് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത് ; ഈ കാരണം കൊണ്ടാണോ ആദ്യ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ കേസ്സിന് പോയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) മേൽ സ്ഥാപനത്തിൽ വാണിജ്യാടിസ്ഥാനത്തിൽ എന്ന് ഉൽപ്പാദനം തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly